കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, തൃശ്ശൂർജില്ല

പ്രവചന കാലയളവ് 18.6.2022 മുതൽ 22.6.2022 വരെ

വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ
കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും
ഭാരതീയ കലാവസ്ഥാവകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്

| എ.എ.എസ് ബുള്ളറ്റിൻ നമ്പർ 24/2022,(48) വെള്ളിയാഴ്ച്ച | തീയ്യതി 17/6/2022 |
|---|---|

1. കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:

| മഴ (മി.മി) | ഉയർന്ന താപനില (°C) | കുറഞ്ഞ താപനില (°C) | കൂടിയ അന്തരീക്ഷ ആർദ്രത (%) | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | കാറ്റിന്റെവേഗത (കിലോമീറ്റർ/ മണിക്കൂർ) | സൂര്യപ്രകാശ ത്തിന്റെ അളവ് (മണിക്കൂർ) | ബാഷ്പീക രണം (മി.മി) |
|---|---|---|---|---|---|---|---|
| (97.4) | (31.0 -32.9) | (22.9-25.2) | (90-98) | (61-72) | (1.9-2.1) | (2.0-9.2) | (2.9-3.8) |

2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം:

| കാലാവസ്ഥാ ഘടകങ്ങൾ | 18.6.2022 | 19.6.2022 | 20.6.2022 | 21.6.2022 | 22.6.2022 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 10 | 10 | 8 | 9 | 10 |
| ഉയർന്ന താപനില (°C) | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 23 | 23 | 23 | 23 | 23 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 96 | 96 | 96 | 96 | 96 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 72 | 72 | 72 | 72 | 72 |
| കാറ്റിന്റെവേഗത(കിലോമീറ്റർ/മണിക്കൂർ) | 3 | 4 | 3 | 3 | 3 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 270 | 230 | 270 | 250 | 320 |
| മേഘവ്യാപ്തി (ഒക്ട) | 8 | 8 | 8 | 8 | 8 |

കാലാവസ്ഥാ അറിയിപ്പ്: ജില്ലയിൽ നേരിയ തോതിൽ മഴയ്ക്കും ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ശക്തമായ മഴയ്ക്കും സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.

അടുത്ത അഞ്ച് ദിവസത്തേക്കുള്ള മഴയുടെ പ്രവചനം

| 2022 ജൂൺ 18 | 2022 ജൂൺ 19 | 2022 ജൂൺ 20 | 2022 ജൂൺ 21 | 2022 ജൂൺ 22 |
|---|---|---|---|---|
| നേരിയ മഴ | നേരിയ മഴ | നേരിയ മഴ | നേരിയ മഴ | നേരിയ മഴ |

3. വിള പരിപാലനത്തിനുള്ള പൊതുനിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

**പൊതുനിർദ്ദേശങ്ങൾ:** കാലവർഷം ആരംഭിച്ചതിനാൽ കാർഷിക വിളകൾക്ക് പ്രത്യേക വിളപരിപാലനം നടത്തേണ്ടതാണ്. താഴ്ന്ന പ്രദേശങ്ങളിൽ നീർവാർച്ചാ സൗകര്യങ്ങൾ ഉറപ്പു വരുത്തുക. മണ്ണ് പരിശോധ നടത്തി മണ്ണിൽ അമ്ലത്വം കൂടുതൽ കാണപ്പെടുകയാണെങ്കിൽ ആവശ്യത്തിന് കുമ്മായം ചേർത്തുകൊടുക്കുക. **മഴയില്ലാത്ത സമയത്തു മാത്രം കീടനാശിനി പ്രയോഗം നടത്തുക.**

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക/ മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| കുരുമുളക് | ദ്രുതവാട്ടം | മഴക്കാലത്ത് കുരുമുളകിൽ കാണുന്ന ദ്രുതവാട്ട രോഗത്തെ പ്രതിരോധിക്കാനായി നീർവാർച്ചാ സൗകര്യങ്ങൾ ഉറപ്പു വരുത്തുക. രണ്ടര കിലോ വീതം ട്രൈക്കോഡർമ സമ്പുഷ്ട ചാണക വളം ഓരോ കുരുമുളക് ചെടിക്ക് ചുവട്ടിലും ഇട്ടു കൊടുക്കുക. (രണ്ടു കിലോ ട്രൈക്കോഡർമ, 90 കിലോ ചാണകപ്പൊടിയും, 10 കിലോ വേപ്പിൻ പിണ്ണാക്കുമായി കൂട്ടി കലർത്തി ആവശ്യത്തിന് ഈർപ്പം നിലനിൽക്കത്തക്ക വണ്ണം രണ്ടാഴ്ച്ചത്തേയ്ക്ക് വച്ച് ട്രൈക്കോഡർമ സമ്പുഷ്ട ചാണക വളം തയ്യാറാക്കാം. |
| വാഴ | ഇലപ്പുള്ളി രോഗം | മഴക്കാലത്ത് വാഴയിൽ ഇലപ്പുള്ളിരോഗത്തിനു സാധ്യതയുണ്ട്. മുൻകരുതലായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് കുളിർക്കെ തളിക്കുക. **മഴയില്ലാത്ത സമയത്തു മാത്രം കീടനാശിനി പ്രയോഗം നടത്തുക.** താഴ്ന്ന പ്രദേശങ്ങളിൽ നീർവാർച്ചാ സൗകര്യം ഉറപ്പു വരുത്തുക. |
| നെല്ല് (വിരിപ്പ്) | നിലമൊരുക്കൽ മുതൽ പറിച്ചുനടീൽ വരെ | മഴക്കാലത്ത് നെല്ലിൽ പോളരോഗം, പോള അഴുകൽ, ഇലപ്പുള്ളി രോഗങ്ങൾ എന്നിവ വരാൻ സാധ്യതയുണ്ട്. മുൻകരുതലായി ഒരു കി.ഗ്രാം നെൽ വിത്ത് സ്യൂഡോമോണാസ് കൾച്ചറിന്റെ ലായനിയിൽ അരമണിക്കൂർ കുതിർത്തു വെച്ച് വിതയ്ക്കുക. അല്ലെങ്കിൽ ഞാറിന്റെ വേര് സ്യൂഡോമോണാസ് കൾച്ചറിന്റെ ലായനിയിൽ അരമണിക്കൂർ മുക്കിവെച്ച് നടുക.<br>(പത്ത് ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി സ്യൂഡോമോണാസ് കൾച്ചറിന്റെ ലായനി തയ്യാറാക്കാം.) |
| മൃഗസംരക്ഷണം<br>(CAADECCS, KVASU,മണ്ണുത്തി) | കോഴിക്കൂട് നിർമ്മിക്കുവാനായി ഈർപ്പം അധികം വരാൻ ഇടയില്ലാത്ത സ്ഥലം തെരഞ്ഞെടുക്കണം. മഴച്ചാറ്റൽ ഉള്ളിൽ വീഴാതിരിക്കാൻ മേൽക്കൂരയുടെ ചായ്വ് നീട്ടി കൊടുക്കണം. | |